# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7086 02.11.2011-ൽ മറുപടിയ്ക്ക്

## കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എ. അസീസ് | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കേരള ടൂറിസം ഇൻഫ്രാക്സ്ട്രക്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനം ടൂറിസം മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് (ടി.ആർ.കെ.എൽ) എന്ന സ്ഥാപനം കേരള ടൂറിസം ഇൻഫ്രാക്സ്ട്രക്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ് എന്ന പേരിൽ പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല. ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പി.പി.പി. മാതൃകയിൽ ടൂറിസം വകുപ്പിന്റെ കൈവശമുള്ള ഭൂമി ഉപയോഗിച്ചുകൊണ്ട് വേളി, വർക്കല മുതലായ സ്ഥലങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള കോഴിക്കോട് ജില്ലയിലെ സരോവരം പദ്ധതി (ഒന്നാം ഘട്ടം), തളി പദ്ധതി, ഹെറിറ്റേജ് സർക്യൂട്ട് ഡവലപ്മെന്റ് ഓഫ് തലശ്ശേരി |

ആന്റ് സറൗണ്ടിംഗ്സ് പദ്ധതി, പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സപര്യ പദ്ധതി മുതലായ വിവിധ ടൂറിസം പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായും ടി.ആർ.കെ. എൽ പ്രവർത്തിച്ചു വരുന്നു.

(ബി) ഈ കമ്പനിയുടെ ആദ്യ രൂപമായ ടൂറിസ്റ്റ് റിസോർട്ട് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് പുതിയ കമ്പനി രൂപീകരിച്ചതുകൊണ്ടുള്ള നേട്ടം വിശദമാക്കുമോ?

(ബി) ടൂറിസം രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപ സമാഹരണത്തിനുമായി രൂപീകരിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനമായ ടി.ആർ.കെ.എൽ-നെ കെ.ടി.ഡി..സി.യിൽ നിന്നും സ്വതന്ത്രമാക്കി വർദ്ധിപ്പിച്ച പ്രവർത്തന മേഖലയോടു കൂടിയ സ്ഥാപനമാക്കുന്നതിന്റെ ഭാഗമായാണ് ഇതിനെ കേരള ടൂറിസം ഇൻഫ്രാക്സ്ട്രക്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ് ആയി പുന:സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ